# MEDICAL LABORATORY OWNERS' ASSOCIATION

*Safety & Quality Thru Team Work*

# LABCON ALAPPUZHA 2022

# State Conference

**2022 June 18-19 Saturday & Sunday**

**Krishna Convention Centre**

**ALAPPUZHA**

LEGISLATORS
STATE LEADERS
MEDICAL PROFESSIONALS

EXHIBITION
SCIENTIFIC SESSION
CULTURAL PROGRAMME

TRENDSETTERS FROM DIFFERENT WALKS OF LIFE



Safety & Quality
Thru Team Work

# LABCON ALAPPUZHA 2022

## മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസ്സോസിയേഷൻ

# സംസ്ഥാനസമ്മേളനം

**2022 ജൂൺ 18, 19 (ശനി, ഞായർ)**
**കൃഷ്ണ കൺവെൻഷൻ സെന്റർ, ആലപ്പുഴ**

മാന്യമെമ്പർമാരെ,

മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസ്സോസിയേഷൻ സംസ്ഥാന സമ്മേളനം ജൂൺ 18,19 തിയ്യതികളിൽ ആലപ്പുഴയിൽ വെച്ച് നടത്തുന്നു.

അഭിമാനത്തോടെ പറയട്ടെ, വ്യക്തമായ ദിശാബോധത്തോടെയാണ് നമ്മുടെ സംഘടനയുടെ പ്രവർത്തനം വ്യാപിച്ച് കിടക്കുന്നത്. അസംഘടിതരായി പരസ്പര സഹകരണമോ ബഹുമാനമോ, സൗഹൃദം പോലുമോ തൊട്ടുതീണ്ടാതെ ചിതറിക്കിടന്നിരുന്ന സ്വകാര്യ ലബോറട്ടറി ഉടമസ്ഥരെ ചേർത്ത്നിർത്തി, ഐക്യത്തിന്റെയും സമഭാവനയുടെയും സൗഹൃദത്തിന്റെയും അന്തരീക്ഷം വളർത്തിയെടുക്കാൻ ഈ കാലയളവിലെ പ്രവർത്തനത്തിലൂടെ സംഘടനക്ക് കഴിഞ്ഞിട്ടുണ്ട്. സമാനതകളില്ലാത്ത പ്രളയവും, മനുഷ്യജീവിതത്തെ അടിമുടി പിടിച്ചു കുലുക്കിയ മഹാമാരിയും ഈ മേഖലയെ അക്ഷരാർത്ഥത്തിൽ പ്രതിസന്ധിയിലെത്തിച്ചു. കുറെ ലബോറട്ടറികൾ അടച്ചുപൂട്ടേണ്ടി വന്നു. മറ്റ് ചിലവ അടച്ചുപൂട്ടൽ ഭീഷണിയിലാണ്. ഈ മേഖലയെ സംരക്ഷിക്കുന്നതിന് വേണ്ട ക്രിയാത്മക നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും ഈ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ് വരേണ്ടതുണ്ട്. ഇത്തരം ആശയം ഉൾക്കൊണ്ടുകൊണ്ടുകൊണ്ടുള്ളപ്രവർത്തനശൈലിക്ക് മാത്രമേ സംഘടന മെമ്പർമാർക്ക് വേണ്ടി നിലനിൽക്കുന്നൂ എന്ന് അംഗങ്ങളെബോദ്ധ്യപ്പെടുത്താൻ കഴിയൂ.

ആതുരസേവന രംഗത്ത് സ്വകാര്യ മെഡിക്കൽ ലബോറട്ടറികളുടെ സേവനങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം കൊടുക്കാത്ത അധികാരകേന്ദ്രങ്ങളുടെ ചില പ്രവർത്തനങ്ങൾ ഈ മേഖലയുടെ നിലനിൽപിനെ സാരമായി ബാധിക്കുന്നുണ്ട്. ഒരു സംഘടന എന്ന നിലയിൽ ഇത്തരം കാര്യങ്ങളിൽ ക്രിയാത്മകമായി ഇടപെട്ട് അധികാരകേന്ദ്രങ്ങളെ സ്ഥിതിഗതികൾ ബോധ്യപ്പെടുത്തി, ലബോറട്ടറികളെ സംരക്ഷിച്ച്നിർത്തുക എന്നത് വലിയ ഉത്തരവാദിത്വമാണ്; പ്രഖ്യാപിത നയമാണ്.

ഇന്ന് സംഘടന അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനവിഷയം, ലബോറട്ടറികൾ പ്രവർത്തിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം സർക്കാർ നടപ്പിലാക്കാൻ പോകുന്നു എന്നതാണ്. ആരോഗ്യമേഖലയിൽ കാലോചിതമായ പല നിയമപരമായ മാറ്റങ്ങൾക്കും നമ്മൾ സാക്ഷ്യം വഹിച്ചിട്ടുണ്ട്. അതാത്

കാലത്ത് നിലകൊണ്ടിരുന്ന സാഹചര്യങ്ങളെ ഉൾക്കൊണ്ടിട്ടാണ് സർക്കാർ നിയമം നടപ്പിലാക്കിയിട്ടുള്ളത്. അർത്ഥശങ്കക്കിടയില്ലാതെ ഒരു നയം വ്യക്തമാക്കട്ടെ. ഒരു ലബോറട്ടറിയും അടച്ചുപൂട്ടില്ല, ഒരു ടെക്നീഷ്യനും ജോലി നഷ്ടപ്പെടില്ല. ഈ പ്രഖ്യാപിതനയത്തിന്റെ ലക്ഷ്യപ്രാപ്തിക്കായി വേണ്ടസമയത്ത് വേണ്ടവിധത്തിൽ സംഘടന ഇടപെടേണ്ടതായിട്ടുണ്ട്. ശക്തമായ സമരപരിപാടികളുമായി രംഗത്ത് വരേണ്ടതായി വരും. ദൃഢനിശ്ചയത്തോടെ കേരളത്തിലെ സ്വകാര്യ മെഡിക്കൽ ലബോറട്ടറികളെ സംരക്ഷിക്കാൻ, കക്ഷിരാഷ്ട്രീയഭേദമെന്യേ, ലബോറട്ടറികളുടെ വലിപ്പ ചെറുപ്പവ്യത്യാസമില്ലാതെ എല്ലാവരെയും നെഞ്ചോട്ചേർത്ത് നിർത്തിക്കൊണ്ട്പോകാൻ എം.എൽ.ഒ.എക്ക് മാത്രമേ സാധിക്കുകയുള്ളൂ. സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തണം. സംഘടനാ പ്രവർത്തനശൈലിയിൽ കൂടുതൽ കൃത്യതയും മൂർച്ചയും വരുത്തണം.

ഇന്നു ലോകത്താകമാനം ജ്ഞാനസമ്പദ്ഘടന പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു. ഇന്ത്യ, പ്രത്യേകിച്ച് കേരളം, ജ്ഞാനസമ്പദ്ഘടനയെ ഏത്തരത്തിൽ അഭിസംബോധന ചെയ്യും എന്നത് പ്രസക്തമായചോദ്യമാണ്. ഇതിന്റെ പ്രതിഫലനങ്ങൾ ലബോറട്ടറി മേഖലയെയും ബാധിക്കും. ജ്ഞാനസമൂഹത്തെ ഉൾക്കൊണ്ടുകൊണ്ടും പ്രതിരോധിച്ചുകൊണ്ടും നമുക്ക് മുന്നോട്ട് പോയേതീരൂ. അതിനുവേണ്ട തയ്യാറെടുപ്പും, ഭൗതികസാഹചര്യങ്ങളും ഒരുക്കേണ്ടിയിരിക്കുന്നു. ലബോറട്ടറി മേഖലയിൽ ലഭ്യമായ പുത്തൻ അറിവുകളെ സ്വാംശീകരിച്ചുകൊണ്ട്, കൂടുതൽ ഗുണമേന്മയുള്ള സേവനം ഉറപ്പാക്കുന്നതിന് നമ്മുടെ സ്ഥാപനങ്ങളെ സജ്ജരാക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നതാണ് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടക്കുന്ന തുടർവിദ്യഭ്യാസ പരിപാടികൾ.

സംഘടനയിലെ ഓരോ മെമ്പർമാരും ഈ മേഖല അഭിമുഖീകരിക്കുന്ന കാലികപ്രശ്നങ്ങളിൽ പ്രതികരിച്ചുകൊണ്ട് സംഘടനയെ ശക്തിപ്പെടുത്താൻ നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ സജീവമായി പങ്കെടുത്ത് നിങ്ങളുടെ ഉത്തരവാദിത്തവും കടമയും നിർവ്വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സമ്മേളനവുമായി ബന്ധപ്പെട്ട എല്ലാപരിപാടികളിലും താങ്കളുടെ മുഴുനീള സാന്നിദ്ധ്യം ഉറപ്പ്വരുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

**സി.ബാലചന്ദ്രൻ**
ചെയർമാൻ, LABCON 2022
സംസ്ഥാന പ്രസിഡണ്ട്,

**ഷിറാസ് സലിം**
ജനറൽ കൺവീനർ, LABCON 2022
എം.എൽ.ഒ.എ. ജില്ലാപ്രസിഡണ്ട്, ആലപ്പുഴ

**ബിജോയ്.വി.തോമസ്.**
സംസ്ഥാന ജനറൽ സെക്രട്ടറി,
എം.എൽ.ഒ.എ.

**എ.ഗിരീശൻ**
സംസ്ഥാന ട്രഷറർ,
എം.എൽ.ഒ.എ.

**ആന്റണി എലിജിയസ്**
ചെയർമാൻ, പ്രോഗ്രം കമ്മറ്റി
LABCON 2022

**നൗഷാദ് മേത്തർ**
കൺവീനർ, പ്രോഗ്രം കമ്മറ്റി
LABCON 2022

**കമ്മിറ്റി അംഗങ്ങൾ:**
ഡോ. ടി.എ.വർക്കി, ഡോ. കെ.രമേഷ്കുമാർ, ഡോ. ജി.ഗോപിനാഥൻ, ഐ.സി.ചെറിയാൻ, അബ്ദുസ്സലാം, രജീഷ്കുമാർ, ഹംസ മേലാടി, സുബൈർ മൈക്രോ, നിമിഷദാസ്, അഞ്ജലി കൈമൾ

Safety & Quality
Thru Team Work

# LABCON ALAPPUZHA 2022

## മെഡിക്കൽ ലബോറട്ടറി ഓണേഴ്സ് അസ്സോസിയേഷൻ

# സംസ്ഥാനസമ്മേളനം

**2022 ജൂൺ 18, 19 (ശനി, ഞായർ)**
**കൃഷ്ണ കൺവെൻഷൻ സെന്റർ, ആലപ്പുഴ**

## കാര്യപരിപാടി

### 2022 ജൂൺ 18 ശനി

രാവിലെ 9:00 മണി മുതൽ : റജിസ്ട്രേഷൻ

9:30 Scientific Session : **തുടർ വിദ്യാഭ്യാസ പരിപാടി**

സ്വാഗതം : **ശ്രീമതി. ഷിനി ശ്രീനിവാസൻ**
സംസ്ഥാന ജോയിന്റ് സെക്രട്ടറി, എം.എൽ.ഒ.എ

അദ്ധ്യക്ഷത : **ശ്രീ. എ.ഗിരീശൻ**
സംസ്ഥാന ട്രഷറർ, എം.എൽ.ഒ.എ

വിഷയം : "Taking your Lab to higher levels"
: **ഡോ. കെ.രമേഷ്കുമാർ**
ചെയർമാൻ, തുടർവിദ്യാഭ്യാസ കമ്മിറ്റി, LABCON 2022

സംശയങ്ങൾക്ക് മറുപടി :

നന്ദി : **ശ്രീമതി. അഞ്ജലി കൈമൾ**
കൺവീനർ, ഫിനാൻസ് കമ്മിറ്റി, LABCON 2022

10:45 : ചായ

11:00 : **ഉദ്ഘാടന സമ്മേളനം**

സ്വാഗതം : **ശ്രീ. നൗഷാദ് മേത്തർ**
കൺവീനർ, പ്രോഗ്രാം കമ്മിറ്റി, LABCON 2022

അദ്ധ്യക്ഷത : **ശ്രീ. സി.ബാലചന്ദ്രൻ**
സംസ്ഥാനപ്രസിഡണ്ട്, എം.എൽ.ഒ.എ

സംസ്ഥാനസമ്മേളന ഉദ്ഘാടനം : **ശ്രീമതി. വീണാ ജോർജ്**
ബഹു: സംസ്ഥാന ആരോഗ്യ-വനിതാ-ശിശുക്ഷേമവകുപ്പ് മന്ത്രി

Safety & Quality Thru Team Work അംഗങ്ങൾക്കുള്ള സൗജന്യ ക്വാളിറ്റി കൺട്രോൾ കിറ്റ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം : **ശ്രീ. തോമസ്സ്.കെ.തോമസ്സ്**
ബഹു: എം.എൽ.എ., കുട്ടനാട് നിയമസഭാമണ്ഡലം

ആശംസ : **ഡോ: ടി.എ. വർക്കി**
മുൻ സംസ്ഥാന പ്രസിഡണ്ട്, എം.എൽ.ഒ.എ

നന്ദി : **ശ്രീ. അബ്ദുസലാം**
സംസ്ഥാന വൈ: പ്രസിഡണ്ട്, എം.എൽ.ഒ.എ)

1:00 : ഉച്ചഭക്ഷണം.

## സംസ്ഥാന കൗൺസിൽയോഗം

(ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽ അംഗങ്ങൾ മാത്രം)

2:00 : സ്വാഗതം : **ശ്രീ. രജീഷ്കുമാർ**
സംസ്ഥാന ജോയിന്റ് സെക്രട്ടറി, എം.എൽ.ഒ.എ

2:10 : അനുശോചനപ്രമേയം

2:15 : അദ്ധ്യക്ഷത : **ശ്രീ. സി.ബാലചന്ദ്രൻ**
സംസ്ഥാന പ്രസിഡണ്ട്, എം.എൽ.ഒ.എ

2:25 : ഉദ്ഘാടനം : **ഡോ. സുജിത് വിജയൻപിള്ള**
ബഹു: എം.എൽ.എ., ചവറ നിയമസഭാമണ്ഡലം

2:50 : **'ഗുണമേന്മയും സുരക്ഷിതത്വവും ഒരുമയിലൂടെ – സംഘടന ഒരു ചാലക ശക്തി"**
: **ഡോ: ടി.എ.വർക്കി**
മുൻ സംസ്ഥാനപ്രസിഡണ്ട്, എം.എൽ.ഒ.എ

3:00 : ആശംസകൾ : **ശ്രീ. അബ്ദുസലാം**
സംസ്ഥാന വൈ:പ്രസിഡണ്ട്, എം.എൽ.ഒ.എ

: **ശ്രീ. ഐ.സി.ചെറിയാൻ**
സംസ്ഥാനവൈ: പ്രസിഡണ്ട്, എം.എൽ.ഒ.എ

: **ശ്രീ. ആന്റണി എലീജിയസ്**
സംസ്ഥാന വൈ: പ്രസിഡണ്ട്, എം.എൽ.ഒ.എ

: **ശ്രീ. മോഹനൻ മുത്തോന**
സംസ്ഥാന വൈ: പ്രസിഡണ്ട്, എം.എൽ.ഒ.എ

3:25 : സംസ്ഥാന കമ്മിറ്റി അംഗീകരിച്ച പ്രവർത്തന റിപ്പോർട്ട്
അവതരണം : **ശ്രീ. ബിജോയ്.വി.തോമസ്**
സംസ്ഥാന ജനറൽ സെക്രട്ടറി, എം.എൽ.ഒ.എ

സംസ്ഥാന കമ്മിറ്റി അംഗീകരിച്ച വരവ് ചിലവ് കണക്ക്
അവതരണം : **ശ്രീ. എ.ഗിരീശൻ**
സംസ്ഥാന ട്രഷറർ, എം.എൽ.ഒ.എ

റിപ്പോർട്ടും കണക്കും മുൻകൂട്ടി ജില്ലാ കമ്മിറ്റിയിൽചർച്ചചെയ്ത് ഉന്നയിച്ച ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ജനറൽ സെക്രട്ടറിയും ട്രഷററും മറുപടി നൽകിയശേഷം പാസ്സാക്കൽ.

3:55 : നന്ദി : **ശ്രീ. കെ.എസ്.ഷാജു**
സംസ്ഥാന ജോ: സെക്രട്ടറി, എം.എൽ.ഒ.എ.

4:00 : പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഫലപ്രഖ്യാപനവും.
**കെ.എൻ.യശോധരൻ** (മുഖ്യവരണാധികാരി)
**കെ.ബി.സുരേഷ്, ജേക്കബ്കോശി** (സഹവരണാധികാരികൾ)

നന്ദി : **ശ്രീമതി. ധന്യബിജു**
കൺവീനർ, റിസപ്ഷൻ കമ്മിറ്റി, LABCON 2022

**2022 ജൂൺ 19 ഞായർ**

രാവിലെ 9:00 മണി മുതൽ : റജിസ്ട്രേഷൻ

09:15 : സ്വാഗതം : **ശ്രീ. ആർ.ജോയ്ദാസ്**
സംസ്ഥാന എക്സിക്യൂട്ടീവ് അംഗം, എം.എൽ.ഒ.എ.

അദ്ധ്യക്ഷത : **ശ്രീ. ആന്റണി എലീജിയസ്**
സംസ്ഥാന വൈ: പ്രസിഡണ്ട്, എം.എൽ.ഒ.എ

ഉദ്ഘാടനം : **ശ്രീ. എ.എം.ആരിഫ്**
ബഹു: എം.പി., ആലപ്പുഴ

അംഗങ്ങൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതിയുടെ
ഉദ്ഘാടനം : **ശ്രീ. പി.പി.ചിത്തരഞ്ജൻ**
ബഹു: എം.എൽ.എ., ആലപ്പുഴ നിയമസഭാമണ്ഡലം

സമ്മേളന സുവനീർ
പ്രകാശനം : **ശ്രീ. എച്ച്.സലാം**
ബഹു: എം.എൽ.എ., അമ്പലപ്പുഴ നിയമസഭാമണ്ഡലം

Business Development Programme

**"അനുകൂലവും പ്രതികൂലവുമായസാഹചര്യത്തിൽ
നിങ്ങളുടെ ബിസിനസ്സ് എങ്ങിനെവിജയകരമാക്കി മാറ്റാം"**

: **ശ്രീ. നിതിൻ കൃഷ്ണ**
ജൂനിയർ ചേമ്പർ ഇന്റർനാഷണൽ

തുടർ വിദ്യാഭ്യാസപരിപാടി – സംവാദം
നന്ദി : **ശ്രീ. ആനന്ദ്മോഹൻ**
കൺവീനർ, തുടർവിദ്യഭ്യാസപരിപാടി, LABCON 2022

12:00 : ഉച്ചഭക്ഷണം, സ്റ്റാൾ സന്ദർശനം

## സംസ്ഥാന ജനറൽ ബോഡി യോഗം

2:00 : സ്വാഗതം : **ശ്രീ. ഷിറാസ്സലിം**
ജനറൽ കൺവീനർ, LABCON 2022

2:05: അദ്ധ്യക്ഷത : **ശ്രീ. സി.ബാലചന്ദ്രൻ**
സംസ്ഥാനപ്രസിഡണ്ട്, എം.എൽ.ഒ.എ

പ്രസന്റേഷൻ :
സംസ്ഥാന കൗൺസിൽ അംഗീകരിച്ച പ്രവർത്തനറിപ്പോർട്ട്
അവതരണം : **ശ്രീ. ബിജോയ്.വി.തോമസ്**
സംസ്ഥാന ജനറൽ സെക്രട്ടറി, എം.എൽ.ഒ.എ

സംസ്ഥാന കൗൺസിൽ അംഗീകരിച്ച വരവ് ചെലവ് കണക്ക്
അവതരണം : **ശ്രീ. എ.ഗിരീശൻ**
സംസ്ഥാന ട്രഷറർ, എം.എൽ.ഒ.എ

റിപ്പോർട്ടും കണക്കും പാസ്സാക്കൽ
ആദരം : ബഹുമാനപ്പെട്ട മുതിർന്ന അംഗങ്ങളെ ആദരിക്കൽ
: കമ്പനി പ്രതിനിധികളെ ആദരിക്കൽ

സംസ്ഥാന കൗൺസിൽ തിരഞ്ഞെടുത്ത പുതിയ ഭാരവാഹികളുടെ പ്രഖ്യാപനം.
വിടവാങ്ങൽ പ്രസംഗം :
പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം
അദ്ധ്യക്ഷപ്രസംഗം :

നന്ദി : **ശ്രീമതി. നിമിഷദാസ്**
ജില്ലാ സെക്രട്ടറി, എം.എൽ.ഒ.എ.ആലപ്പുഴ ജില്ല